24 ഏപ്രിൽ 2019 ബുധൻ
1194 മേടം 10
തിരുവനന്തപുരം

# കേരളകൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

108 വർഷങ്ങൾ
4 തലമുറകൾ

16 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU www.keralakaumudi.com www.facebook.com/keralakaumudi

## ഒറ്റനോട്ടം



ശ്രീലങ്കയിലെ ഭീകരത: പിന്നിൽ ഐസിസ്

പേജ് 7



ബിൽക്കീസ് ബാനുവിന് നീതി

പേജ് 11




കല്ലട ബസിലെ മർദ്ദനം: 3 ജീവനക്കാർ അറസ്റ്റിൽ

പേജ് 7

## തലവര

വോട്ടിംഗ് മെഷീൻ തെറ്റായി വോട്ട് രേഖപ്പെടുത്തുന്നു എന്ന് ആക്ഷേപം; പരാതി അടിസ്ഥാനരഹിതമെന്ന് കളക്ടർ




അതിങ്കലെങ്ങാണ്ടൊരിടത്തിരുന്ന് കുത്തുന്ന വോട്ടർ കഥയെന്തു കണ്ടു...?



## വോട്ടിംഗ് യന്ത്രത്തിൽ പാമ്പ്



കണ്ണൂർ: കണ്ണൂരിലെ മയ്യിലുള്ള ബൂത്തിലെ വോട്ടിംഗ് യന്ത്രത്തിലുണ്ടായിരുന്ന പാമ്പ് തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെയും പോളിംഗ് ഏജന്റുമാരെയും വോട്ടർമാരെയും പരിഭ്രാന്തരാക്കി. മയ്യിൽ പഞ്ചായത്തിലെ കണ്ടക്കൈ എ.എൽ.പി സ്കൂളിലെ 145-ാം ബൂത്തിലായിരുന്നു സംഭവം. വി.വി പാറ്റ് യന്ത്രം തുറക്കുമ്പോഴാണ് പാമ്പിനെ കണ്ടത്. ഇതോടെ കുറച്ചു നേരം വോട്ടിംഗ് നിറുത്തി വച്ചു. പാമ്പിനെ ഉടൻ പിടികൂടി പുറത്തേക്ക് മാറ്റി കൊന്നതിനു ശേഷമാണ് തിരഞ്ഞെടുപ്പ് നടപടികൾ തുടർന്നത്.

**വോട്ടിന്റെ വീര്യം...** *കോഴിക്കോട് പുറമേരി കടത്തനാട് രാജാസ് ഹയർ സെക്കൻഡറി സ്കൂളിൽ വോട്ട് ചെയ്ത് മടങ്ങുന്ന 84 വയസുള്ള കുഞ്ഞികൃഷ്ണൻ നമ്പ്യാർ* **ഫോട്ടോ: എ.ആർ.സി. അരുൺ**

# ബൂത്തിലും വീറോടെ

## 77.13%

**◗ രാഷ്ട്രീയ ലേഖകൻ**

തിരുവനന്തപുരം: വീറും വാശിയും നിറഞ്ഞ പോരാട്ടത്തിന്റെ ചൂട് വോട്ടെടുപ്പിലും പ്രതിഫലിപ്പിച്ച് ലോക്‌സഭാ തിരഞ്ഞെടുപ്പിൽ കേരളം കനത്ത പോളിംഗ് രേഖപ്പെടുത്തി. രാവിലെ 7 മണിമുതൽ വൈകിട്ട് 6 വരെ നടന്ന വോട്ടെടുപ്പിൽ ഒടുവിൽ ലഭ്യമായ കണക്കനുസരിച്ച് 77.13 ശതമാനമാണ് ശരാശരി പോളിംഗ്.

പോളിംഗ് സമയം അവസാനിച്ചശേഷവും മിക്ക ബൂത്തുകളിലും നീണ്ട ക്യൂ ശേഷിച്ചു. ആറ് മണിക്കും ക്യൂവിൽ ഉണ്ടായിരുന്നവർക്കായി രണ്ട് മുതൽ നാല് മണിക്കൂർ വരെ പോളിംഗ് നീണ്ടു. ചില ബൂത്തുകളിൽ രാത്രി 10 മണിക്കും വോട്ടെടുപ്പ് തുടർന്നു. അവസാന കണക്ക് വരുമ്പോൾ പോളിംഗ് ശതമാനം ഇനിയും കൂടും.

പോളിംഗിനിടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ 13 പേർ കുഴഞ്ഞുവീണു മരിച്ചു.

വോട്ടെടുപ്പ് തീരുന്നതിന് ഒരു മണിക്കൂർ മുമ്പേ 20 മണ്ഡലങ്ങളിലും 70 ശതമാനത്തിനുമേൽ പോളിംഗ് രേഖപ്പെടുത്തി. ഉയർന്ന പോളിംഗ് ആരെ തുണയ്ക്കുമെന്നതിലാണ് ആകാംക്ഷ. ത്രികോണമത്സരമായതിനാൽ പോളിംഗ് ശതമാനം ഉയർന്നതിൽ മൂന്ന് മുന്നണികളും പ്രതീക്ഷ പ്രകടിപ്പിക്കുന്നു. തീക്ഷ്ണമായ ത്രികോണപ്പോര് നടന്ന തിരുവനന്തപുരത്തും പത്തനംതിട്ടയിലും വൈകിട്ട് അഞ്ച് മണിക്കുമുമ്പേ കഴിഞ്ഞ തവണത്തെ പോളിംഗ് ശതമാനം മറികടന്നു. തൃശ്ശൂരും തിരുവനന്തപുരത്തും നാല് ശതമാനവും പത്തനംതിട്ടയിൽ എട്ട് ശതമാനവും കഴിഞ്ഞ തവണത്തേക്കാൾ പോളിംഗ് കൂടി.

കണ്ണൂരിലാണ് ഏറ്റവും ഉയർന്ന പോളിംഗ്. 82.26 ശതമാനം. കുറവ് തിരുവനന്തപുരത്താണ്- 73.37 ശതമാനം.

ഇക്കുറി 20 മണ്ഡലങ്ങളിൽ 227 സ്ഥാനാർത്ഥികളുണ്ട്. കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധിയുടെ സ്ഥാനാർത്ഥിത്വത്തോടെ ദേശീയശ്രദ്ധാ കേന്ദ്രമായ വയനാട്ടിൽ റെക്കാഡ് പോളിംഗാണ്. 80.01 ശതമാനം. 2014ൽ ഇവിടെ 73.29 ശതമാനമായിരുന്നു.

## 13 പേർ കുഴഞ്ഞുവീണ് മരിച്ചു

- ചില ബൂത്തുകളിൽ രാത്രി 10 മണിക്കും ക്യൂ
- വയനാട്ടിൽ റെക്കാഡ് - 80.01 %
- ഉയർന്ന പോളിംഗ് കണ്ണൂരിൽ - 82.26%

## യന്ത്രങ്ങൾ പണിമുടക്കി

**വോ**ട്ടെടുപ്പ് പൊതുവെ സമാധാനപരമായിരുന്നു. ഒറ്റപ്പെട്ട അനിഷ്ടസംഭവങ്ങളുണ്ടായി.

യന്ത്രങ്ങൾ പണിമുടക്കിയതു കാരണം പലേടത്തും പോളിംഗ് തുടങ്ങാൻ വൈകി. അമ്പൂരി, എറണാകുളം, ആലപ്പുഴ, അരൂർ, എരമല്ലൂർ, പള്ളിത്തോട്, കണിമംഗലം തുടങ്ങിയ സ്ഥലങ്ങളിൽ യന്ത്രങ്ങൾ മാറ്റിയും തകരാർ പരിഹരിച്ചുമാണ് പോളിംഗ് പുനരാരംഭിച്ചത്. നടൻ മോഹൻലാൽ വോട്ട് ചെയ്ത തിരുവനന്തപുരം മുടവൻമുകളിൽ യന്ത്രത്തകരാർ മൂലം വോട്ടർമാർക്ക് ഒരു മണിക്കൂറിലേറെ കാത്തുനിൽക്കേണ്ടി വന്നു.

യന്ത്രങ്ങളുടെ തകരാറ് തിരഞ്ഞെടുപ്പ് കമ്മിഷൻ ഗൗരവമായി കണ്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വിമർശിച്ചു.

കോവളത്ത് ചൊവ്വരയിലും ആലപ്പുഴ ചേർത്തലയിലും കൈപ്പത്തിക്ക് വോട്ട് ചെയ്യുമ്പോൾ താമരയ്ക്ക് പോകുന്നതായി പരാതി ഉയർന്നു. മോക്‌പോളിംഗിനിടെയാണ് പ്രശ്നമുണ്ടായതെന്നും മഴയുടെ ഈർപ്പം മൂലമുണ്ടായ തകരാറാണെന്നും യന്ത്രം മാറ്റിവച്ചുവെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ടിക്കാറാം മീണ അറിയിച്ചു.

ഉയർന്ന പോളിംഗ്: മുന്നണികൾ പ്രതീക്ഷയിൽ പേജ് 7

മുഖ്യമന്ത്രി കുടുംബസമേതം, മന്ത്രിമാർ കൂട്ടത്തോടെ

കാടും കടവും കടന്ന്, വോട്ട് വഞ്ചി തുഴഞ്ഞ് പേജ് 8, 9

## പോളിംഗ് ശതമാനം ഒറ്റനോട്ടത്തിൽ

| 2014 | മണ്ഡലം | ഇപ്പോൾ | 2014 | മണ്ഡലം | ഇപ്പോൾ |
|---|---|---|---|---|---|
| 68.69 | തിരുവനന്തപുരം | 73.37 | 72.17 | തൃശൂർ | 77.49 |
| 68.71 | ആറ്റിങ്ങൽ | 74.13 | 76.41 | ആലത്തൂർ | 79.81 |
| 72.09 | കൊല്ലം | 74.33 | 75.42 | പാലക്കാട് | 77.38 |
| 66.02 | പത്തനംതിട്ട | 74.04 | 73.84 | പൊന്നാനി | 74.35 |
| 71.36 | മാവേലിക്കര | 74.04 | 71.21 | മലപ്പുറം | 75.22 |
| 72.86 | ആലപ്പുഴ | 79.87 | 79.81 | കോഴിക്കോട് | 79.39 |
| 71.07 | കോട്ടയം | 75.25 | 73.29 | വയനാട് | 80.01 |
| 70.76 | ഇടുക്കി | 76.21 | 81.24 | വടകര | 79.86 |
| 73.58 | എറണാകുളം | 76.48 | 81.33 | കണ്ണൂർ | 82.26 |
| 76.92 | ചാലക്കുടി | 79.94 | 79.20 | കാസർകോട് | 79.65 |

ഇപ്പോഴത്തെ പോളിംഗ് ശതമാനം (ചുവപ്പ്) · 2014 ലെ പോളിംഗ് ശതമാനം (നീല)

- 2014ലെ ലോക്‌സഭ 74.02%
- 2016ലെ നിയമസഭ 77.35 %








brides of india

നിറപറയും നിലവിളക്കും സാക്ഷിയാക്കി ഒരു യാത്രയിലേക്കുള്ള അവളുടെ ആദ്യത്തെ ചുവടുവയ്പ്.
കൈയ്യിൽ ദീപമേന്തി പ്രിയപ്പെട്ടവർ അവളെ അനുഗമിക്കുന്നു. ഹൃദയത്തിൽ സന്തോഷത്തിന്റെ നാദസ്വരം,
കണ്ണുകളിൽ അഭിമാനത്തിന്റെ തിളക്കം. ഈ വിവാഹത്തിന് മംഗളങ്ങൾ നേരാൻ മലബാർ ഗോൾഡ് & ഡയമണ്ട്സും.

**Wedding Advance Plan:** വിവാഹാവശ്യങ്ങൾക്കും മറ്റും വിലയുടെ 10% മുതൽ മുൻകൂർ നൽകി ആഭരണങ്ങൾ ബുക്ക് ചെയ്യൂ, സ്വർണ്ണ വില വർദ്ധനവിൽ നിന്നും സംരക്ഷണം നേടൂ.

അക്ഷയ തൃതീയ അഡ്വാൻസ് ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. **Booking till 06th May.**

MALABAR GOLD & DIAMONDS
CELEBRATE THE BEAUTY OF LIFE

OVER 250 STORES ACROSS 10 COUNTRIES | BUY ONLINE AT: malabargoldanddiamonds.com | CALL: 1860 425 0916